(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് ക്രിമിനൽ കേസുകളിൽ പുനരന്വേഷണം നടത്താൻ തീരുമാനിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സി.പി.ഐ(എം) ജില്ലാസെക്രട്ടറി എം. എം. മണിയുടെ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ബാലുവധ കേസിൽ തുടരന്വഷണം നടത്താനുള്ള തീരുമാനം കേരള ഹൈക്കോടതിയുടെ ഡിവിഷൻബെഞ്ച് തള്ളിക്കളഞ്ഞിട്ടുണ്ടായിരുന്നുവോ ; എങ്കിൽ ഇതിനെതിരെ സർക്കാർ സുപ്രീംകോടതിയിൽ നൽകിയ അപ്പീലിന്മേലുണ്ടായ വിധിപ്രസ്താവം എന്തായിരുന്നു ; വിശദമാക്കാമോ ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ നടത്തിയത് രാഷ്ട്രീയ പകപോക്കലും അധികാര ദുർവിനിയോഗവുമാണെന്ന ആക്ഷേപം ശരിവക്കുന്നതാണ് സുപ്രീം കോടതി വിധി എന്ന കാര്യം അറിയാമോ ;

(ഇ) രാഷ്ട്രീയ പ്രസംഗത്തിന്റെ പേരിൽ എം. എം. മണിക്കെതിരെ നിയമ വിരുദ്ധമായി കേസെടുത്ത് ഭീകര അന്തരീക്ഷം സൃഷ്ടിച്ച് അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ച പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അല്ല.

(ബി) ക്രിമിനൽ നടപടിക്രമപ്രകാരം കേസിനെ സംബന്ധിച്ച് പിന്നീട് എന്തെങ്കിലും പുതിയ തെളിവുകൾ വാക്കാലോ/ തൊണ്ടികളോ ശേഖരിക്കുന്നതോ/ ലഭിക്കുന്നതോ ആയ സാഹചര്യത്തിലാണ് ക്രിമിനൽ കേസുകളിൽ തുടരന്വേഷണം നടത്തുന്നത്.

(സി) തള്ളിക്കളഞ്ഞിട്ടുണ്ട്. ഇതിനെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നൽകിയ അപ്പീലിന്റെ പകർപ്പോ മറ്റു വിവരങ്ങളോ ലഭിച്ചിട്ടില്ലാത്തതാണ്.

(ഡി) ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇക്കാര്യത്തിൽ നിയമവിരുദ്ധമായി പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തിച്ചതായി അറിവായിട്ടില്ല.

കോഴിക്കോട് നാദാപുരത്തെ നരിക്കാട്ടേരിയിലെ സ്ഫോടന കേസ് അന്വേഷണം

191 (196) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നരിക്കാട്ടേരിയിൽ നടന്ന സ്ഫോടന കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; സ്ഫോടനത്തിൽ മരണപ്പെട്ടവർ എത്രയായിരുന്നു എന്നും കുറ്റപത്രം കോടതിയിൽ സമർപ്പിക്കാതിരിക്കുന്നതിന്റെ കാരണം എന്തായിരുന്നുവെന്നും വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഫോടനത്തിനുള്ള ഗൂഢാലോചന നടന്നത് എവിടെനിന്നാണെന്നും ആരെല്ലാമാണതിൽ പങ്കാളികളായതെന്നും അന്വേഷിച്ച് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ആരുടെ നേതൃത്വത്തിൽ ആരെല്ലാമടങ്ങിയ സംഘമാണ് അന്വേഷണം നടത്തുന്നത് എന്നും സംഘത്തിൽപ്പെട്ടവർ ഇപ്പോൾ എവിടെയെല്ലാം ജോലി നോക്കി വരുന്നു എന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത കേസ് സംബന്ധിച്ച കുറ്റപത്രം എന്നത്തേയ്ക്ക് കോടതിയിൽ സമർപ്പിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നരിക്കാട്ടേരിയിൽ നടന്ന സ്ഫോടനവുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 48/CR/11(നാദാപുരം PS Crime No.116/11) കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുള്ളതും കുറ്റപത്രം തയ്യാറാക്കിവരുന്നതുമാണ്. സ്ഫോടനത്തിൽ 5 പേർ മരണപ്പെട്ടു.

(ബി) ദുബായിലും നാദാപുരത്തും വച്ചാണ് ഗൂഢാലോചന നടന്നത്. ഗൂഢാലോചനയിൽ ആരെല്ലാം പങ്കാളികളായി എന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുള്ളതാണ്. പ്രതികൾക്കെതിരെ കുറ്റപത്രം തയ്യാറാക്കിവരികയാണ്.

(സി) ക്രൈംബ്രാഞ്ച് HHW-III, കോഴിക്കോട് യൂണിറ്റിലെ റൂറൽ വിംഗിലെ ഡിറ്റക്ടീവ് ഇൻസ്പെകടറുടെ (എം. കെ. കീർത്തി ബാബു) നേതൃത്വത്തിലുള്ള സംഘമാണ് അന്വേഷണം നടത്തുന്നത്.

(ഡി) കുറ്റപത്രം ഉടൻതന്നെ കോടതിയിൽ സമർപ്പിക്കുന്നതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ പീഡനനിരോധന നിയമപ്രകാരമുള്ള കേസുകൾ

192 (197) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി/പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ ;

(ബി) ഇത്തരം കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നതിലുള്ള കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly